മലയാള മനോരമ



ജില്ലാ സബ് ജൂനിയർ ബേസ്ബോൾ ചാംപ്യൻഷിപ്പിൽ വനിതാ വിഭാഗം ചാംപ്യന്മാരായ കെസിപി ബേസ്ബോൾ അക്കാദമി ടീം.



ജില്ലാ സബ് ജൂനിയർ ബേസ്ബോൾ ചാംപ്യൻഷിപ്പിൽ പുരുഷ വിഭാഗം ചാംപ്യന്മാരായ കോട്ടായി ബേസ്ബോൾ അക്കാദമി ടീം.

# കോട്ടായി, കെസിപി ബേസ്ബോൾ അക്കാദമികൾ ജേതാക്കൾ

**പാലക്കാട്** ● ജില്ലാ സബ് ജൂനിയർ ബേസ്ബോൾ ചാംപ്യൻഷിപ്പിൽ പുരുഷന്മാരുടെ വിഭാഗത്തിൽ കോട്ടായി ബേസ്ബോൾ അക്കാദമിയും വനിതകളുടെ വിഭാഗത്തിൽ കെസിപി ബേസ്ബോൾ അക്കാദമിയും ഒന്നാം സ്ഥാനം നേടി.

പുരുഷ വിഭാഗത്തിൽ എച്ച്എസ്എസ് മുണ്ടൂർ രണ്ടാം സ്ഥാനവും ജിഎച്ച്എസ്എസ് മുതലമട മൂന്നാം സ്ഥാനവും നേടി. വനിതാ വിഭാഗത്തിൽ ജിഎച്ച്എസ്എസ് കൊടുവായൂർ, സ്പോർട്സ് അക്കാദമി കിഴക്കഞ്ചേരി എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനം നേടി.

ജില്ലാ സ്പോർട്സ് കൗൺസിൽ അംഗം പി.കെ.രാജീവ് ഉദ്ഘാടനം ചെയ്തു.

ജില്ലാ ബേസ്ബോൾ അസോസിയേഷൻ സെക്രട്ടറി രാഹുൽ കൃഷ്ണൻ, ശബാന സാദിഖ്, മോഹൻരാജ് എന്നിവർ പ്രസംഗിച്ചു. സമ്മാനം വിതരണം ചെയ്തു.